# വിശുദ്ധ ജെർമെയിൻ

ഫ്രാൻസിലെ ടുളൂസ് പട്ടണം. ഈ പട്ടണത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു കൊച്ചുഗ്രാമം- പിബ്രാക്.ഏകദേശം ഇരുന്നൂറ് കുടുംബങ്ങളുള്ള ഒരു ഗ്രാമമാണ് പിബ്രാക്. ഈ ഗ്രാമത്തിലെ അൽപം തലയെടുപ്പുള്ള കുടുംബമാണ് കുസീൻ കുടുംബം. ലോറന്റ് ആയിരുന്നു ഈ കുടുംബത്തിന്റെ നാഥൻ.

1579ൽ ഈ കുസീൻ കുടുംബത്തിൽ ഒരു പെൺകുഞ്ഞ് ജനിച്ചു. മാതാപിതാക്കൾ കുഞ്ഞിന് ജെർമെയിൻ എന്ന പേരു നൽകി. കുഞ്ഞിനെ മാറോട് ചേർത്തുപിടിച്ച് തന്റെ ഹൃദയത്തിന്റെ വിശുദ്ധിയും ദൈവഭക്തിയും മുലപ്പാലിനോടൊപ്പം അമ്മ ജെർമെയിന് പകർന്നു നൽകി. എന്നാൽ അധികനാൾ കഴിയും മുമ്പ് അവളെ അനാഥയാക്കിയിട്ട് ആ നല്ല അമ്മ കർത്താവിന്റെ സന്നിധിയിലേക്ക് യാത്രയായി.

ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ ലോറന്റ് വീണ്ടും വിവാഹം കഴിച്ചു. അന്നു മുതൽ അവളുടെ കദനകഥ ആരംഭിച്ചു.ചെറുപ്പം മുതലേ കണ്ഠമാല എന്ന രോഗം കുഞ്ഞിനെ ബാധിച്ചു. കഴുത്തിലെ ഗ്രന്ഥികളെ ബാധിക്കുന്ന ഈ രോഗം മൂലം കഴുത്ത് നീരുവന്ന് വീർക്കുകയും പൊട്ടി വ്രണമാവുകയും ചെയ്തിരുന്നു.മരണം വരെ ഈ വ്രണങ്ങൾ സുഖപ്പെട്ടില്ല. ഈ ശാരീരിക വേദനയ്ക്ക് തീവ്രത കൂട്ടുവാനെന്നവണ്ണം അവളുടെ വലതുകൈ ശുഷ്ക്കിച്ചതും ഭാഗികമായി തളർന്നതുമായിരുന്നു. ഈ രോഗം കാരണം ആയിരിക്കാം അവൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കുവാൻ സാധിച്ചില്ല.

അവളുടെ രണ്ടാനമ്മ കഠിനഹൃദയയായ ഒരു സ്ത്രീയായിരുന്നു. ഈ സ്ത്രീയുടെ ക്രൂരമായ പീഢനങ്ങൾക്ക് ജെർമെയിൻ ഇരയായിത്തീർന്നു. നിസ്സാര കാര്യങ്ങൾക്കുപോലും അവൾ ജെർമെയിനെ ക്രൂരമായി മർദ്ദിച്ചിരുന്നു. അടിമൂലം പലപ്പോഴും ബോധരഹിതയായി വീണിട്ടുമുണ്ട്. ചില സന്ദർഭങ്ങളിൽ വെറുപ്പിനാൽ പ്രേരിതയായി രണ്ടാനമ്മ ജെർമെയിന്റെ മേലിൽ തിളച്ചവെള്ളം ഒഴിക്കുമായിരുന്നു. ഒരിക്കൽപ്പോലും ഒരു നല്ല ആഹാരം അവൾ കഴിച്ചിട്ടില്ല. എന്നും കുറച്ച് റൊട്ടികഷ്ണങ്ങൾ മാത്രം. വളർത്തുനായ് കഴിച്ച് ബാക്കി വെച്ച ഭക്ഷണം പോലും കഴിച്ച് ചില ദിവസങ്ങളിൽ അവൾ ജീവിച്ചു. എങ്കിലും അവൾക്ക് ഒന്നിനും പരാതിയില്ലായിരുന്നു.

കണ്ഠമാല രോഗം തന്റെ കുട്ടിക്ക് പകരുമെന്ന് ചിന്തിച്ചതിനാലാകാം രണ്ടാനമ്മ അവളെ ആടുകളെയും കോഴികളെയും പാർപ്പിച്ചിരുന്ന പുറത്തുള്ള ഒരു കെട്ടിടത്തിന്റെ ഗോവണിക്ക് താഴെയാണ് രാത്രി ഉറങ്ങാൻ സ്ഥലം കൊടുത്തത്. അതിന്റെ മുകൾനില ധാന്യപ്പുരയായും ഉപയോഗിച്ചിരുന്നു. ഉണക്കമുന്തിരിക്കമ്പുകൾ കൊണ്ടും ഉണങ്ങിയ ഇലകൾ കൊണ്ടും അവൾ തന്നെയുണ്ടാക്കിയ കിടക്കയിലാണ് രാത്രി വിശ്രമം. ഒത്തിരിയേറെ ഏകാന്തത അവൾക്ക് അനുഭവിക്കേണ്ടി വന്നു. ആടുമാടുകളുടെയും കുതിരകളുടെയും വിസർജ്ജ്യ വസ്തുക്കളുടെ ദുർഗന്ധവും കൊതുകുകളുടെ ബാഹുല്യവും അവളുടെ ഉറക്കത്തെ തടസ്സപ്പെടുത്തി. തണുപ്പിൽ നിന്ന് രക്ഷനേടാൻ കുതിരാലയത്തിന് വാതിലുകൾ പോലും ഇല്ലായിരുന്നു. അനേകം കമ്പിളി രണ്ടാനമ്മക്കു വേണ്ടി അവൾ നെയ്തുവെങ്കിലും അതിലൊന്നു പോലും തണുപ്പിൽ നിന്ന് രക്ഷനേടാൻ അവൾക്ക് ലഭിച്ചില്ല. കീറിപ്പറിഞ്ഞതായിരുന്നു അവളുടെ വസ്ത്രങ്ങൾ. കീറിയഭാഗത്ത് പഴയ തുണിക്കഷ്ണങ്ങൾ തുന്നിച്ചേർത്ത് അവൾ ശരീരം മറച്ചു. എല്ലാവരും തണുപ്പിൽ നിന്ന് രക്ഷ നേടാൻ കയ്യുറകളും സോക്സും ഷൂസും ധരിക്കുമ്പോൾ അവൾക്ക് ഇതൊന്നും ഉണ്ടായിരുന്നില്ല. നഗ്നപാദുകയായി അവൾ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടി. ഈ തണുപ്പിലും വിശപ്പിലും കഴിയുമ്പോഴും അവൾ പ്രാർത്ഥിച്ചു. രാത്രിയിൽ കുറേനേരം യേശുവുമായി അവൾ ഹൃദയസംഭാഷണത്തിൽ ഏർപ്പെട്ടു.

രണ്ടാനമ്മ ഉച്ചഭക്ഷണത്തിനായി കൊടുക്കുന്ന ഏതാനും റൊട്ടികഷ്ണങ്ങളുമായി ജെർമെയിൻ ആടുമേയ്ക്കുവാനായി പോകും. ചിലപ്പോൾ ചെന്നായ്ക്കളുള്ള വനഭാഗത്തേക്ക് രണ്ടാനമ്മ അവളെ അയയ്ക്കും. ചെന്നായ് ആക്രമിച്ചു കൊന്നാലും കുഴപ്പമില്ലായെന്ന് അവൾ ചിന്തിച്ചിരിക്കാം. ആടുകളെ മേയ്ക്കുന്നതിനിടയിൽ കമ്പിളിനൂൽ ഉണ്ടാക്കുവാനും അവളെ ഏൽപ്പിച്ചിരുന്നു. നൂലിന്റെ അളവുകുറഞ്ഞാൽ മർദ്ദനം ഉറപ്പായിരുന്നു. രണ്ടാനമ്മയിൽ പിറന്ന

കുഞ്ഞുസഹോദരങ്ങളുമായി സംസാരിക്കുവാനോ, കളിക്കുവാനോ അവൾക്ക് അനുവാദമില്ലായിരുന്നു. ഗ്രാമത്തിലെ പലരും അവളോട് അവജ്ഞയും പുച്ഛവും പുലർത്തിപ്പോന്നു. എന്നാൽ ഗ്രാമത്തിലെ പാവപ്പെട്ട കുട്ടികൾ അങ്ങനെയായിരുന്നില്ല. അവർ ജെർമെയിനോട് സ്നേഹവും അനുകമ്പയും പുലർത്തിപ്പോന്നു. ജീൻ, ജാക്സ്, ആൻദ്രേ, പീയർ എന്നിവർ അവളുടെ ഉറ്റ സുഹൃത്തുക്കളായിരുന്നു. ചില ദിവസങ്ങളിൽ ഇവർ ജെർമെയിന്റെ കൂടെ കളിക്കുവാനായി വരും. ജെർമെയിൻ അൽപസമയം അവരോടു കൂടെ കളിക്കും. തുടർന്ന് ഈ കൂട്ടുകാരെ ഒരുമിച്ചു ചേർത്ത് ജപമാല ചൊല്ലും. കല്ലുകളും കമ്പുകളും പുല്ലുകളും ചേർത്ത് ദേവാലയം നിർമ്മിക്കും. മാതാവിന്റെ പടം അതിൽ വെച്ച് പുഷ്പങ്ങൾക്കൊണ്ടലങ്കരിക്കും. ചുള്ളിക്കമ്പുകൾ ചേർത്ത് കുരിശുരൂപമുണ്ടാക്കി കൂട്ടുകാരോടൊരുമിച്ച് കുന്നിൻ മുകളിൽ പ്രദക്ഷിണം നടത്തും.

ഒരു ദിവസം ലോറന്റ് അവളെ വിളിച്ചിട്ട് പറഞ്ഞു. സുക്കോൺവനത്തിൽ ആടുകളെ കൊണ്ടുപോകരുത്. കാരണം, അവിടെ ചെന്നായ്ക്കൾ ഉണ്ട്. പിറ്റേ ദിവസം രാവിലെ മാഡം കുസീൻ കുറച്ച് റൊട്ടിയും നൂൽക്കാനുള്ള കമ്പിളിയുമായി ജെർമെയിന്റെ അടുത്തെത്തി. ആ സ്ത്രീ ആക്രോശിച്ചു. ആടുകൾ എല്ലാം ക്ഷീണിച്ചാണിരിക്കുന്നത്. അതിനാൽ രാവിലെ തന്നെ സുക്കോൺ വനത്തിലേക്ക് പോവുക, അവിടെ ധാരാളം പുല്ലുണ്ട്. ചെന്നായ്ക്കളുള്ള സ്ഥലമാണ്. ആടുകളെ ശ്രദ്ധാപൂർവ്വം നോക്കിക്കൊള്ളണം. ഒരെണ്ണെങ്കിലും നഷ്ടപ്പെട്ടാൽ ഞാൻ നിന്നെ ശരിയാക്കും. അവൾ ഞെട്ടിപ്പോയി. ഇന്നലെ തന്റെ പിതാവ് പോകരുതെന്ന് പറഞ്ഞിടത്ത് മാഡം കുസീൻ പോകാൻ പറയുന്നു. എങ്കിലും അവൾ യാത്രയ്ക്ക് തയ്യാറായി.

റൊട്ടികഷ്ണങ്ങളും കമ്പിളിയും തക്ലിയുമായി അവൾ വനത്തിലേക്ക് യാത്രയായി. കുറേ നേരെ നടന്ന് നല്ല പച്ചപ്പുള്ള സ്ഥലത്തെത്തി. നല്ല പുല്ലുകൾ കണ്ട ആടുകൾ സന്തോഷത്തോടെ മേയാൻ തുടങ്ങി. മന്ദമാരുതൻ മെല്ലെ വീശാൻ തുടങ്ങി. അതിന്റെ ഇടയിൽ കൂടി ചെന്നായ്ക്കളുടെ മുരളലുകളും കേൾക്കുന്നുണ്ടായിരുന്നു.മലമുകളിൽ നിൽക്കുമ്പോൾ പിബ്രാക് ദേവാലയത്തിലെ മണിമുഴങ്ങി. വി. കുർബാനയ്ക്കുള്ള സമയമായി. അവളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ അനുഭവമാണ് ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുക എന്നുള്ളത്. ഒരു കുറുക്കുവഴിയിലൂടെ ഒരു തോടു കടന്നാൽ പെട്ടെന്ന് പള്ളിയിലെത്താം. സാധിക്കുന്ന എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുക. വിശുദ്ധ കുർബാനയിലൂടെ ഓരോ ദിവസവും ആരംഭിക്കുക. ബാക്കിയെല്ലാം ശുഭമാകും.

അവൾ ഇടയവടി കയ്യിലെടുത്തു. അത് നിലത്ത് കുത്തിനിർത്തി. ആടുകളെ അതിനു ചുറ്റും കൊണ്ടുവന്നു നിർത്തി. എന്നിട്ട് ആടുകളോട് പറഞ്ഞു: ഞാൻ വരുന്നതുവരെ ഈ വടിക്ക് ചുറ്റും മാത്രമേ മേയാവൂ. അതിനു ശേഷം അവൾ വേഗം പള്ളിയിലേക്ക് യാത്രയായി. അരുവിയിലെ കല്ലുകൾ ചവിട്ടിക്കടന്ന് പള്ളിയിലെത്തി. ഭക്തിപൂർവ്വം കുർബാനയിൽ പങ്കെടുത്തു. അനുവാദമുള്ള ദിവസങ്ങളിൽ അവൾ ദിവ്യകാരുണ്യം സ്വീകരിച്ചു. കുർബാനയ്ക്കു ശേഷം വേഗത്തിൽ ആടുകളുടെ അടുത്തേക്ക് തിരിച്ചെത്തി. അത്ഭുതം ആടുകൾ വടിക്കു ചുറ്റും നിന്ന് മേയുന്നു.

ഒരിക്കൽ രണ്ടു ഗ്രാമീണർ ജെർമെയിന്റെ വീടിനരികിലൂടെ നടന്നുപോവുകയായിരുന്നു. അൽപദൂരം നടന്നപ്പോൾ അവർ ഒരു സ്വർഗീയസംഗീതം കേട്ടു. അതിന്റെ ഉറവിടം അന്വേഷിച്ച് നീങ്ങിയ ഇവർ ജെർമെയിൻ കിടന്ന തൊഴുത്തിന്റെ അടുത്തെത്തി. അവർ ഉള്ളിലേക്ക് നോക്കി. അതാ ജെർമെയിൻ കോഴിയും ആടുകളും വിശ്രമിക്കുന്നതിന്റെ അടുത്ത് മുന്തിരിക്കമ്പുകൾക്കു മുകളിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു. അവളുടെ പ്രാർത്ഥന ഒരു ഹാർമോണിയത്തിൽ നിന്നു വരുന്ന ഗാനം പോലെ- ഒരു സ്വർഗീയ സംഗീതം പോലെ ദൈവത്തിലേക്ക് ഉയർന്നു കൊണ്ടേയിരുന്നു.

അവർ പറഞ്ഞു: നോക്കൂ, ജെർമെയിൻ എത്ര സുന്ദരിയായിരിക്കുന്നു. അവളുടെ കഴുത്തിലെ ക്ഷതങ്ങളോ വൈരൂപ്യമോ ഇപ്പോൾ കാണാനില്ല. അവളുടെ ശിരസ്സിനു ചുറ്റിലും ഒരു പ്രഭാവലയവും അവർ ശ്രദ്ധിച്ചു. എന്നാൽ ഇവരുടെ സാന്നിദ്ധ്യമൊന്നും അവൾ അറിഞ്ഞില്ല. അവൾ ദിവ്യാനുഭവത്തിലാണ്. അവർ വാതിൽ തുറന്ന് ജെർമെയിന്റെ അടുക്കലേക്ക് ചെല്ലാൻ ശ്രമിച്ചു. പെട്ടെന്ന് സ്വർഗ്ഗീയ സംഗീതം ശക്തമായി. അതിന്റെ ഗാംഭീര്യത

അവരെ ഭയപ്പെടുത്തി. അവർ പിന്തിരിഞ്ഞ് യാത്രയായി.

അരുവി രണ്ടായി പിളരുന്നു

ഒരു മഞ്ഞുകാലം, ജെർമെയിൻ ആടുകളെ മേയ്ക്കുകയാണ്. പള്ളിയിൽ വി. കുർബാനയ്ക്കുള്ള മണിയടിച്ചു. അവൾ അരുവിയിലേക്ക് നോക്കി. മഞ്ഞുരുകി അരുവി നിറഞ്ഞൊഴുകുന്നു. അവൾ വടി നിലത്ത് കുത്തിനിർത്തി. പതിവുലോപെല ആടുകളെ വടിക്കു ചുര്റും മേയുവാൻ വിട്ടു. പള്ളിയിലേക്ക് പോകുവാൻ തിടുക്കം കൂട്ടി. എന്നാൽ കൂട്ടുകാരിയായ എറ്റിയേൻ തടഞ്ഞു നിർത്തിയിട്ടു പറഞ്ഞു: അരുവിയിൽ ശക്തമായ ഒഴുക്കുണ്ട്. ചേച്ചി വെള്ളത്തിൽ ഇറങ്ങരുത്. എന്നാൽ കുർബാനയിൽ സംബന്ധിക്കണം എന്ന ചിന്തയല്ലാതെ മറ്റൊന്നും അവൾക്കുണ്ടായിരുന്നില്ല. അവൾ മുന്നോട്ടു നടന്നു ചെന്ന് അരുവിയിലേക്ക് അവളുടെ കാൽ എടുത്തുവെച്ച നിമിഷം ജലം രണ്ടായി പകുത്തു. കാൽ നനയാതെ അവൾ അക്കരെയെത്തി വി. കുർബാനയിൽ സംബന്ധിച്ചു. കുർബാനയ്ക്കുശേഷം അൽപസമയം മാതാവിന്റെ രൂപത്തിന് അരികിലിരുന്ന് പ്രാർത്ഥിച്ചു. ഈ അത്ഭുതം കണ്ട എറ്റിയേൻ ഓടി കുസീൻ ഭവനത്തിലെത്തി. കുർബെ അരുവിയിൽ സംഭവിച്ച കാര്യങ്ങൾ മാഡം കുസീനെ അറിയിച്ചു. അവൾ പറഞ്ഞു ജെർമെയിൻ ഒരു വിശുദ്ധയാണ്. അവൾക്ക് അത്ഭുതസിദ്ധിയുണ്ട്. എന്നാൽ ഇക്കാര്യങ്ങൾ കേട്ടപ്പോൾ മാഡം കുസീന്റെ രോഷം ആളിക്കത്തി. വൈകുന്നേരം ആടുകളുമായി വീട്ടിലെത്തിയപ്പോൾ മാഡം കുസീൻ ജെർമെയിനോട് തട്ടിക്കയറി. ആടുകളെ വിട്ട് പള്ളിയിൽ പോയതിന് വഴക്കുപറയുകയും അടിക്കുകയും ചെയ്തു. എങ്കിലും അവൾ അതെല്ലാം പരാതിക്കൂടെ സഹിച്ചു. രണ്ടാനമ്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു.

പുഷ്പങ്ങൾ പൊഴിച്ച ജെർമെയിൻ

ഒരിക്കൽ ജെർമെയിന്റെ ജീവിതത്തിൽ ഒരു അത്ഭുതം സംഭവിച്ചു. ഒരു മഞ്ഞുകാലം- മാഡം കുസീൻ പരാതിയുമായി മുന്നോട്ടുവന്നു. ജെർമെയിൻ വീട്ടിൽ നിന്ന് റൊട്ടികഷ്ണങ്ങൾ മോഷ്ടിച്ച് ഭക്ഷിക്കുകയും റോഡിൽ കാണുന്ന തെണ്ടികൾക്കെല്ലാം ഭക്ഷണം വിതരണം ചെയ്യുകയും ചെയ്യുന്നുവെന്നാണ് പരാതി. മാഡം കുസീൻ ഒരു വലിയ വടിയുമായി ജെർമെയിനെ പെരുവഴിയിലൂടെ ഓടിക്കുകയാമ്. അവൾ കരഞ്ഞുകൊണ്ട് ഓടുന്നു, ഒച്ച കേട്ട് പരിസരവാസികൾ ഓടിക്കൂടി. ജെർമെയിൻ മോഷ്ടിക്കുകയോ? അവർക്ക് അത് വിശ്വസിക്കാൻ സാധിക്കുന്നില്ല. മാഡം കുസീന് അലറിവിളിച്ചു. തുറക്കെടീ നിന്റെ ഏപ്രൺ. നീ കള്ളിയാണെന്ന് എല്ലാവരും മനസ്സിലാക്കട്ടെ. നീ കട്ടെടുത്ത റൊട്ടി അവരെ കാണിക്കുക. പരിസരവാസികളിലും കൂട്ടുകാരിലും ചില അങ്കലാപ്പ്. ഇനി ഇവൾ കള്ളിയാണോ? ഇവൾ മഷ്ടിച്ചിരിക്കുമോ? ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അവൾ ഏപ്രൺ തുറന്നു. അവരെല്ലാം അന്തംവിട്ടു നിന്നുപോയി. അതാ ജെർമിയന്റെ ഏപ്രൺന് ഉള്ളിൽ സുരഭില പരിമളം പരത്തുന്ന പനിനീർപ്പൂക്കൾ. സ്വർഗ്ഗപുഷ്പങ്ങൾ പോലെ ആ പ്രദേശമാകെ അത് പരിമളം പരത്തി. ആളുകൾ എല്ലാം മുട്ടിന്മേൽ നിന്ന് നെറ്റിയിൽ കുരിശുവരച്ച് ദൈവത്തിനു മഹത്വം നൽകി. അവർ പരസ്പരം പറഞ്ഞു ജെർമെയിൻ വിശുദ്ധയാണ്. മാഡം കുസീൻ ലജ്ജിതയായി തലതാഴ്ത്തി. എങ്കിലും ജെർമെയിനോട് ക്ഷമാപണം നടത്താനൊന്നും അവൾ തയ്യാറായില്ല. ആടുകളെ നന്നായി നോക്കണം എന്ന് പതിഞ്ഞ സ്വരത്തിൽ പറഞ്ഞതിനു ശേഷം ഭവനത്തിലേക്ക് തിരികെ പോന്നു. ജനങ്ങൾ അവരുടെ വീടുകളിലേക്ക് തിരികെ പോന്നു.

പൂക്കളുടെ അത്ഭുതം

ഒരിക്കൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിൽ അവൾ ഒരു ദൈവസ്വരം ശ്രവിക്കാനിടയായി. അതിപ്രകാരമായിരുന്നു നാളെ ഈശോ നിന്നെ സന്ദർശിക്കും. അവൾ ആനന്ദം കൊണ്ട് മതിമറന്നു. യേശുനാഥൻ തന്നെ സന്ദർശിക്കുകയോ? അവൾക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല. അന്നു രാത്രി ഏറെ സമയം പ്രാർത്ഥയിൽ ചെലവഴിച്ചു. ദിവ്യമായ ഒരു പ്ാർത്ഥനാനുഭവത്തിലേക്ക് അവൾ കടന്നുവന്നു. നാഥനെ എതിരേൽക്കുവാൻ അന്നു രാത്രി അവൾ ഹൃദയത്തെ ഒരുക്കി. പാപങ്ങളെയോർത്ത് മനസ്തപിച്ചു. തന്റെ ചെറിയ തെറ്റുകൾ പോലും ദൈവത്തോട് അവൾ ഏറ്റുപറഞ്ഞു. ദൈവം സന്ദർശിക്കുന്ന അവസരത്തിൽ ദൈവത്തിന് എന്തു കൊടുക്കും? കൈവശം ഒന്നും തന്നെയില്ല. അവൾ നോക്കിയപ്പോൾ അതാ

അലമാരയിൽ രണ്ടാനമ്മ കുറച്ച് പുതിയ റൊട്ടികഷ്ണങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുന്നു. അവൾ അതിൽ രണ്ടെണ്ണമെടുത്തു. ഇത് രണ്ടാനമ്മ കണ്ടു. അവർ വടിയുമായി ഓടിയെത്തി. റൊട്ടി പൊതിഞ്ഞു സൂക്ഷിച്ച അവളുടെ ഉടുപ്പ് വലിച്ചുതാഴ്ത്തി. അപ്പോഴതാ റൊട്ടികഷ്ണങ്ങളുടെ സ്ഥാനത്ത് കുറേ പുഷ്പങ്ങൾ, അങ്ങനെ രണ്ടാം പ്രാവശ്യവും രണ്ടാനമ്മയുടെ കയ്യിൽ നിന്ന് ദൈവം അവളെ രക്ഷിച്ചു.

ഒരിക്കൽ ജെർമെയിൻ കുന്നിൻ ചെരുവിൽ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുകയായിരുന്നു. ആടുകളെ തന്റെ ഇടയവടി നാട്ടിനിറുത്തി അതിനു ചുറ്റും മേയുവാൻ വിട്ടു. അതിനു ശേഷം അവൾ നൂൽ നൂൽക്കുവാൻ തുടങ്ങി. ഈ സമയം ഒരു യാചകൻ ആ വഴി വരുവാൻ ഇടയായി. അവൾ നോക്കി. കീറിപ്പറിഞ്ഞ വസ്ത്രം, തണുപ്പിൽ ഷൂസ് ഇടാതെ ഐസുകട്ടകൾക്ക് മുകളിലൂടെ അയാൾ നടന്നു വരികയാണ്. ജെർമെയിനോട് അയാൾ ഭക്ഷണം ചോദിച്ചു. രണ്ടാനമ്മ കൊടുത്തിവിട്ട റൊട്ടികഷ്ണങ്ങളും വെള്ളവും അവൾ അയാൾക്ക് സമ്മാനിച്ചു. റൊട്ടി കഴിച്ചുകൊണ്ടിരിക്കുമ്പോൾ അതിഭീകരമായ ഒരു കാഴ്ച കണ്ടു. കുറെ ചെന്നായ്ക്കൾ ഓടിവരുന്നു. അയാൾ ഭയവിഹ്വലനായി. ജെർമെയിൻ അയാളെ ധൈര്യപ്പെടുത്തി. അവൾ തന്റെ ഇടയവടി ഒരിക്കൽക്കൂടി കയ്യിലെടുത്തു. സ്വർഗ്ഗത്തിലേക്കു നോക്കി ഒരു നിമിഷം പ്രാർത്ഥിച്ചു. അതിനുശേഷം വടി ആഞ്ഞു നിലത്തുകുത്തി. മനസ്സുകൊണ്ട് വടിക്കുചുറ്റും ഒരു വൃത്തം വരച്ചു. എന്നിട്ട് ചെന്നായ്ക്കളോട് അവൾ കൽപിച്ചു. ഈ വലയത്തിനുള്ളിൽ കയറരുത്. ചെന്നായ്ക്കൾ അത് അനുസരിച്ചു. തീ പാറുന്ന കണ്ണുകളുമായി അവ കുറേനേരം ആടുകളെ നോക്കി. അവളുടെ കണ്ണുകളിൽ നിന്നും ഒരു ദൈവിക ശക്തി ചെന്നായ്ക്കളിലേക്ക് പ്രവഹിച്ചു. അവ തൽക്ഷണം മുട്ടുമടക്കി. യാചകൻ അവളെ താണു വണങ്ങി. അവളുടെ ദൈവത്തിന് അയാൾ നന്ദി പറഞ്ഞു. കൂട്ടുകാരെല്ലാം ഓടിയെത്തി. അവർ അവിടെ കളികളും പ്രാർത്ഥനകളും ആരംഭിച്ചു. പോകാൻ നേരം ആ യാചകൻ ഇപ്രകാരം ജെർമെയിനോട് പറഞ്ഞു ജെർമെയിൻ നീ ഒരു പുണ്യവതിയാണ്. നീ ഒരു വിശുദ്ധയാകും.

ജെർമെയിന്റെ ആരോഗ്യസ്ഥിതി ഒട്ടും മെച്ചപ്പെട്ടില്ല. അവളുടെ കഴുത്തിലെ കണ്ഠമാല രോഗം കൂടിവന്നു. അവൾക്ക് യാതൊരു വിധ വൈദ്യസഹായവും ലഭിച്ചില്ല. മാഡം കുസീൻ ക്രൂരമായി പീഢിപ്പിച്ചുകൊണ്ടിരുന്നു. അടിക്കുക, പട്ടിണിക്കിടുക, ചൂടുവെള്ളം ദേഹത്തൊഴിക്കുക ഇവയൊക്കെ മാഡം കുസീന്റെ ക്രൂരവിനോദങ്ങളിൽ ചിലതു മാത്രം. എങ്കിലും ഇവയെല്ലാം അവൾ നിശബ്ദമായി സഹിച്ചു. ഒരിക്കൽപോലും മാഡം കുസീനെതിരെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. ജെർമെയിന്റെ ഹൃദയം രണ്ടാനമ്മക്കു വേണ്ടി ദൈവസന്നിധിയിൽ വിങ്ങിപ്പൊട്ടി. ഓ എന്റെ ദൈവമേ അങ്ങ് എന്റെ ജീവിതത്തിലേക്ക് ചൊരിഞ്ഞ സ്നേഹത്തിന്റെ ഒരു അംശമെങ്കിലും എന്റെ അമ്മയിലേക്ക് പകരുവാൻ എന്നെ സഹായിക്കേണമേ. എന്നും അവൾ രണ്ടാനമ്മയ്ക്കു വേണ്ടി പ്രാർത്ഥിക്കും. തന്റെ സ്വന്തം ആവശ്യങ്ങൾക്കുപരിയായി എപ്പോഴും ദൈവസ്നേഹത്തിന് അവൾ പ്രാധാന്യം കൊടുത്തു. ദാരിദ്ര്യത്തിന് നടുവിൽ വല്ലപ്പോഴും കിട്ടുന്ന റൊട്ടി കഷ്ണങ്ങൾ ഇല്ലാത്തവരുമായി പങ്കുവെച്ചു. കൊടിയ തണുപ്പത്ത് കമ്പിളിയില്ലാതെ മുന്തിരിക്കമ്പുകൾക്ക് മുകളിൽ കിടന്ന് അവൾ ഉറങ്ങി. ചെരുപ്പില്ലാതെ കൊടും തണുപ്പത്ത് അവൾ സഞ്ചരിച്ചു.

ചില രാത്രികളിൽ ദിവ്യമായ ദൈവാനുഭവം അവൾക്ക് ലഭിച്ചു. ജപമാലയായിരുന്നു ഇഷ്ടപ്പെട്ട പ്രാർത്ഥന. പിബ്രാക്കയിലെ പള്ളിയായിരുന്നു അവളുടെ യഥാർത്ഥ ഭവനം. അവിടെയായിരുന്നു അവൾ ആശ്വാസം കണ്ടെത്തിയിരുന്നത്. കഴുത്തിലെ കണ്ഠമായ രോഗവും ശോഷിച്ച കൈകളും അവളെ തീർത്തും അവശയാക്കി. പോഷകാഹാരത്തിന്റെ കുറവ് അവളുടെ ശരീരത്തെ ഒരു അസ്ഥികൂടമാക്കി മാറ്റി. കൊടിയ തണുപ്പും ദുർഗന്ധം വമിക്കുന്ന കുതിരാലയത്തിലെ താമസവും അവളെ തീർത്തും അവശയാക്കി കഴിഞ്ഞിരുന്നു. പോരാത്തതിന് മാഡം കുസീന്റെ ക്രൂരമായ പീഢനവും അടിയുടെയും പൊള്ളലിന്റെയും മുറിവുകൾ അവളുടെ ശരീരത്തിൽ ഉണങ്ങാതെ കിടന്നിരുന്നു.

1601 ജൂൺ മാസം. രണ്ട് സന്യാസികൾ ടുളൂസിൽ നിന്ന് യാത്ര ചെയ്യുകയായിരുന്നു. അവർ രാത്രിയിൽ പട്ടണത്തിലെ ഒരു കോട്ടയിൽ വിശ്രമിക്കാൻ തീരുമാനിച്ചു. രാത്രി വളരെ

വൈകി അവിടെയെത്തി. അവരിലൊരാൾ ആകാശത്തിലേക്ക് നോക്കിയപ്പോൾ ആകാശ

ത്തുനിന്ന് ഭൂമിവരെ എത്തുന്ന ഒരു പ്രകാശ വീഥി കണ്ടു. അവർ സൂക്ഷിച്ചു നോക്കി. അൽപം കഴിഞ്ഞപ്പോൾ ചിറകുള്ള രണ്ട് പ്രകാശരൂപങ്ങൾ ഈ പ്രകാശ വീഥിയിൽ കാണപ്പെട്ടു. സ്വർഗ്ഗീയമായ ഒരു സംഗീതം അവിടെ മുഴങ്ങിക്കൊണ്ടിരുന്നു.

അൽപം കഴിഞ്ഞപ്പോൾ ഈ ദർശനം അകലെയുള്ള ഒരു പഴയ കെട്ടിടത്തിനുള്ളിൽ അവസാനിക്കുന്നതു പോലെ തോന്നി. ആ രണ്ട് പ്രകാശ രൂപങ്ങളും ആ കെട്ടിടത്തിനുള്ളിലേക്ക് കയറി പോകുന്നത് അവർ കണ്ടു. അൽപസമയം ഒരു നിശ്ചലാവസ്ഥ. വീണ്ടും ആ കെട്ടിടത്തിനു പുറത്ത് ആ സ്വർഗ്ഗീയ രൂപങ്ങൾ കാണപ്പെട്ടു. ഇപ്പോൾ അതാ അവരോടൊപ്പം മറ്റൊരു സ്ത്രീ രൂപം കൂടി. അവൾക്ക് ചിറകുകളില്ല. ചിറകുള്ള ഈ മാലാഖമാർ ഉന്നതങ്ങളിലേക്ക് സംവഹിച്ചു കൊണ്ടു പോവുകയാണ്. രാത്രി കുറേ നേരം ഈ ദർശനത്തെപ്പറ്റി സംസാരിച്ചു. ചിന്തിച്ചു. അവർ പാതി മയക്കത്തിലേക്ക് വഴുതി വീണു. പിറ്റേന്ന് പ്രഭാതത്തിൽ എഴുന്നേറ്റ് അവർ ആ ഗ്രാമത്തിലേക്ക് നടന്നു.

പ്രഭാതത്തിൽ പതിവുപോലെ മാഡം കുസീൻ ജോലികൾ ആരംഭിച്ചു. ജെർമെയിനുള്ള റൊട്ടിയും വെള്ളവും മേശപ്പുറത്തു വെച്ചു. സമയം കഴിഞ്ഞിട്ടും ജെർമെയിനെ കാണുന്നില്ല. മാഡത്തിന് ഉത്കണ്ഠ തോന്നി. റൊട്ടിയും വെള്ളവുമായി തൊഴുത്തിനടുത്തേക്ക് നീങ്ങി. തൊഴുത്തിൽ ആടുകൾ കരയുകയും അസ്വസ്ഥത കാട്ടുകയും ചെയ്യുന്നു. അവൾ ഉള്ളിലേക്ക് നോക്കി. അതാ ജെർമെയിന്റെ ചേതനയറ്റ ശരീരം.

ജെർമെയിൻ, മാഡം കുസീൻ ഉറക്കെ വിളിച്ചു. ഉത്തരമില്ല. കാരണം, ഇന്നലെ രാത്രി തന്നെ അവൾ മാലാഖമാരുടെ അകമ്പടിയോടെ സ്വർഗത്തിലേക്ക് യാത്രയായി കഴിഞ്ഞിരുന്നു. നെറ്റിയ്ല കുരിശുവരച്ചുകൊണ്ട് ജെർമെയിന്റെ കിടക്കയ്ക്ക് സമീപം മുട്ടുകുത്തി അവൾ വിതുമ്പിക്കരഞ്ഞു. എന്നോട് ക്ഷമിക്കൂ മോളേ.എന്നോട് ക്ഷമിക്കൂ.ജെർമെയിനു വേണ്ടി പലതും ചെയ്യാൻ അവൾ ആഗ്രഹിച്ചു. എന്നാൽ വളരെ വൈകിപ്പോയിയെന്നു മാത്രം.

മാഡം കുസീൻ തൊഴുത്തിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ അതാ മുറ്റത്ത് രണ്ട് സന്യാസികൾ. അവൾ കണ്ണുനീർ തുടച്ചു കൊണ്ട് അവർക്ക് ഭക്ഷണം നൽകി. ഭക്ഷണം കഴിക്കുന്നതിനിടയിൽ അവർ ചോദിച്ചു: ഇന്നലെ രാത്രി ഈ ഗ്രാമത്തിൽ ആരെങ്കിലും മരിച്ചുവോ? ഈ ചോദ്യം മാഡം കുസീന്റെ ഹൃദയത്തെ കീറിമുറിച്ചു. അവൾ വിങ്ങിപ്പൊട്ടി സത്യങ്ങൾ സന്യാസികളോട് പറഞ്ഞു. അവർ പറഞ്ഞു ഇന്നലെ രാത്രി ഒരു പ്രകാശ വീഥിയിൽ കൂടി ദൈവദൂതന്മാർ അവളുടെ ആത്മാവിനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നത് ഞങ്ങൾ കണ്ടു. അവർ പറഞ്ഞു. ആ കുഞ്ഞ് വിശുദ്ധയാണ്. കഴിഞ്ഞ രാത്രി മുഴുവൻ ഗ്രാമത്തിൽ സ്വർഗ്ഗീയ സംഗീതവും പരിമളവുമുണ്ടായിരുന്നു. നന്നായി ജീവിച്ചാൽ മരണനാഴികയിൽ യേശു നമ്മളെ ആശ്വസിപ്പിക്കുകയും മാലാഖമാർ നമ്മുടെ ആത്മാവിനെ കൈകളിൽ സംവഹിച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോവുകയും ചെയ്യും.

ജെർമെയിന്റെ ചേതനയറ്റ ശരീരം അവർ തൊഴുത്തിൽ നിന്ന് വീട്ടിലേക്ക് കൊണ്ടുപോന്നു. അവളെ കുളിപ്പിച്ച് പുതിയ വെള്ളവസ്ത്രങ്ങൾ ധരിപ്പിച്ചു. കൊച്ചുകൂട്ടുകാർ ഓടിയെത്തി. അവർ പൂക്കൾ കൊണ്ട് ഒരു കിരീടം ഉണ്ടാക്കി അവളുടെ ശിരസ്സിൽ വെച്ചു. കയ്യിൽ ഒരു മെഴുകുതിരിയും പിടിപ്പിച്ചു. ഗ്രാമവാസികളും കുടുംബാംഗങ്ങളും മൃതശരീരത്തിന് ചുറ്റും കൂടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അന്നത്തെ പതിവനുസരിച്ച് പിബ്രാക്കയിലെ ചെറിയ ഇടവക പള്ളിയിലെ പ്രസംഗപീഠത്തിനെതിരെ അവളെ സംസ്കരിച്ചു. അവളെ അടക്കിയ സ്ഥലത്ത് പ്രത്യേക എഴുത്തോ അടയാളങ്ങളോ ഒന്നുമില്ലായിരുന്നു.

ഈ ഇടയകന്യകയുടെ ജീവിതം ആറടി മണ്ണിൽ അവസാനിക്കാനുള്ളതല്ല. അവളുടെ ജീവിതം അനേകർക്ക് ആശ്വാസത്തിന് ഇട നൽകുമെന്ന് അന്ന് ആരും ചിന്തിച്ചിരുന്നുമില്ല. ഏതാനും വർഷങ്ങൾ കടന്നുപോയി. ആ ഗ്രാമം തന്നെ ജെർമെയിനെ മറന്നു കഴിഞ്ഞിരുന്നു. 1644. ജെർമെയിന്റെ ഒരു ബന്ധുവായ എവുദാലെഗെ എന്ന സ്ത്രീ മരിച്ചു. മരണക്കിടക്കയിൽ വെച്ച് ആ സ്ത്രീ തന്റെ അന്ത്യാഭിലാഷം കുസീൻ കുടുംബത്തെ അറിയിച്ചു. അത് ഇപ്രകാരമായിരുന്നു. താൻ മരിക്കുമ്പോൾ കുസീൻ കുടുംബത്തിന്റെ കല്ലറയിൽ സംസ്ക്കരിക്കണം. ഈ ആഗ്രഹപ്രകാരം എവുദാലെഗെയുടെ മരണശേഷം കല്ലറയുടെ ഏതാനും

കല്ലുകൾ നീക്കി. അപ്പോൾ പണിക്കാർ അദ്ഭുതസ്തബ്ധരായി നിന്നുപോയി. അവർ കല്ലുകൾ മാറ്റിയ സ്ഥലത്ത് അതാ ഒരു യുവതിയുടെ അഴുകാത്ത ശരീരം. തലയിൽ പൂക്കൾക്കൊണ്ടുള്ള കിരീടം. പുതിയ വെള്ള വസ്ത്രങ്ങൾ. പൂക്കളുടെ സുഗന്ധം പോലും നഷ്ടപ്പെട്ടിരുന്നില്ല. കയ്യിലെ മെഴുകുതിരിയും അതേപടിയിരിക്കുന്നു. ഈ കന്യക ആരാണെന്ന് മനസ്സിലാക്കാൻ പിബ്രാക്ക ഇടവകാർക്ക്  ബുദ്ധിമുട്ടുണ്ടായിരുന്നില്ല. നാൽപത്തിമൂന്ന് വർഷം മുമ്പ് മരിച്ച ജെർമെയിൻ കുസീനാണത് എന്നവർക്ക് മനസ്സിലായി.

അവളുടെ പൂജ്യശരീരം പൊതുദർശനത്തിനായി ദേവാലയത്തിൽ വെച്ചു. ഗ്രാമവാസികൾ ഒന്നൊഴിയാതെ അവിടെവന്ന് പ്രാർത്ഥിച്ചു.

മരിയ ക്ലമന്റ് എന്ന സമ്പന്ന സ്ത്രീ പിബ്രാക്കയിൽ താമസിച്ചിരുന്നു. അവർക്ക് പള്ളിയിൽ പ്രത്യേക ഇരിപ്പിടം തന്നെയുണ്ടായിരുന്നു. ജെർമെയിന്റെ പൂജ്യശരീരം പൊതുദർശനത്തിന് വെച്ചതിൽ അവൾക്ക് അതൃപ്തി ഉണ്ടായി. സ്ഥാനമഹിമ മൂലം ജെർമെയിന്റെ ശരീരം നീക്കം ചെയ്യണമെന്ന് മരിയ ക്ലമന്റ്  ആവശ്യപ്പെട്ടു.

എന്നാൽ അടുത്ത ദിവസം അതിനുള്ള തക്കപ്രതിഫലം ലഭിച്ചു. അവളുടെ കുഞ്ഞിന് കലശലായ ദീനം പിടിപെട്ടു. ചികിൽസകൾ ഒന്നു ഫലിച്ചില്ല. കുട്ടി മരിക്കുമെന്ന അവസ്ഥയിലായി. അവരുടെ ഭർത്താവ് ഫ്രെഡിനാന്റിന് ഈ അസുഖത്തിന്റെ കാരണം ജെർമെയിനോട് കാണിച്ച അനാദരവാണ് എന്ന് ബോധ്യപ്പെട്ടു. അദ്ദേഹം ഭാര്യയോടു പറഞ്ഞു. നമുക്ക് പശ്ചാത്തപിച്ച് ജെർമെയിനോട് മാപ്പപേക്ഷിക്കാം. അവർ അങ്ങനെ ചെയ്തു. അന്ന് രാത്രി അവരുടെ കിടപ്പുമുറിയിൽ ഒരു പ്രകാശധാരയിൽ ജെർമെയിൻ പ്രത്യക്ഷപ്പെട്ടു. നിങ്ങളുടെ അപേക്ഷ പോലെ സംഭവിച്ചിരിക്കുന്നുവെന്ന് അറിയിച്ചു. പെട്ടെന്ന് കുഞ്ഞ് സൗഖ്യപ്പെട്ടു. അയൽക്കാരെയും വേലക്കാരെയും വിളിച്ച് ഇക്കാര്യം അന്ന് രാത്രിതന്നെ അവർ സാക്ഷ്യപ്പെടുത്തി. ജെർമെയിന്റെ ശരീരത്തിന് മുന്നിൽ മുട്ടുകുത്തി പരസ്യമായി കൃതജ്ഞത പ്രകടിപ്പിച്ചു.

ഈ അനുഗ്രഹത്തിന് നന്ദിയായി അവർ ജെർമെയിന്റെ ശരീരം പൂജ്യമായി സൂക്ഷിക്കുവാൻ ഒരു ഈയ്യപേടകം പള്ളിക്ക് സമ്മാനിച്ചു. ഈ ഈയ്യപേടകത്തിലാണ് ഫ്രഞ്ച് വിപ്ലവം വരെ ജെർമെയിന്റെ ശരീരം പള്ളി സങ്കീർത്തിയിൽ സൂക്ഷിച്ചത്.അഴുകാത്ത ജെർമെയിന്റെ ശരീരം കണ്ടെത്തിയതിനു ശേഷം പിബ്രാക്കയിലെ ജനങ്ങൾ അവളുടെ മാദ്ധ്യസ്ഥ്യം തേടാൻ തുടങ്ങി. ക്രമേണ ഈ ഭക്തി ഫ്രാൻസു മുഴുവൻ വ്യാപിച്ചു. അനേകം അദ്ഭുതങ്ങൾ സംഭവിച്ചു. പിബ്രാക്ക പള്ളിയിലേക്ക് ജനപ്രവാഹമായി.

1793 ആയപ്പോഴേക്കും ഫ്രഞ്ചു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. വിപ്ലവത്തെ തുടർന്ന് സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളും സംഭവിച്ചു.ജെർമെയിന്റെ പേരിലുള്ള ഭക്തി അന്ധവിശ്വാസമാണെന്ന വാർത്ത പരന്നു. ടുളൂസ് ഭരണകൂടം ജെർമെയിന്റെ പാവനശരീരത്തെ നശിപ്പിക്കാൻ ശ്രമിച്ചു. അവർ ഒരു കുഴിയുണ്ടാക്കി അതിൽ ജെർമെയിന്റെ ശരീരം നിക്ഷേപിച്ചു. ശരീരം വേഗം പൊടിഞ്ഞു പോകുവാൻ മുകളിൽ കുമ്മായം വിതറി. അതിനുശേഷം കുഴിമൂടി. ഈയ്യപേടകം വെടിയുണ്ടകൾ നിർമിക്കുവാനായി അവർ കൊണ്ടുപോയി.

നീതിമാനായ ദൈവം ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഈ നീചകൃത്യം ചെയ്തവർക്ക് ഉടൻ തന്നെ തക്കശിക്ഷ കിട്ടി. ഒരുവന്റെ കൈ തളർന്നു. മറ്റൊരാളുടെ തലയും കഴുത്തും ഒരു വശത്തേക്ക് ചരിഞ്ഞു. മറ്റൊരാൾക്ക് നാലുകാലിൽ നടക്കേണ്ടി വന്നു. വേറൊരാൾ പലതരം രോഗം മൂലം പീഢിപ്പിക്കപ്പെട്ടു. ഇരുപതു വർഷത്തോളം ഇവർ ഈ പീഢ അനുഭവിച്ചു. പിന്നീടവർ ജെർമെയിന്റെ മാദ്ധ്യസ്ഥ്യം തേടുകയും കർത്താവ് അവരെ അദ്ഭുതകരമായി സുഖപ്പെടുത്തുകയും ചെയ്തു.

1815. ഫ്രഞ്ച് വിപ്ലവത്തിന് അൽപം അയവു വന്നു. പിബ്രാക്ക് നിവാസികൾ പള്ളിയിൽ ചെന്ന് കുഴി തുറന്നു. അദ്ഭുതം ജെർമെയിന്റെ പാവനശരീരത്തിന് കേടുകളൊന്നും സംഭ

വിച്ചിട്ടില്ല.

ഇതോടുകൂടി ജെർമെയിനോടുള്ള ഭക്തി ഫ്രാൻസിന്റെ അതിർത്തി കടക്കുവാൻ തുടങ്ങി. 1854 മെയ് 7-ാം തിയ്യതി അന്ന് ജെർമെയിനെ വാഴ്ത്തപ്പെട്ടവളായി തിരുസഭ ഉയർത്തി. 1867 ജൂൺ 29. ജെർമെയിൻ വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ടു. ജൂൺ 15-ാം തിയ്യതി തിരുസഭ വി. ജെർമെയിന്റെ തിരുനാൾ ആഘോഷിക്കുന്നു.